# മോദി തിരിച്ചറിഞ്ഞിരുന്നു "ചലേ സാത്ത്, സാത്ത്"

## ഡോ. ലൂക്കോസ് മന്നിയോട്ട്

**ന്യൂയോർക്ക്:** ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കയിലേക്കു യാത്ര തിരിക്കുന്നതിനുമുമ്പു തന്നെ മനസ്സിലാക്കിയിരുന്നു അമേരിക്കയിൽ നിന്ന് "ചലേ സാത്ത്, സാത്ത്" എന്നതായിരിക്കും ലഭിക്കുന്ന സമ്മാനം. അഞ്ചു ദിവസത്തെ മോദിയുടെ അമേരിക്കൻ സന്ദർശനത്തിൽ കിട്ടിയ സമ്മാനം....!. ഇതു മുൻകൂട്ടി മനസ്സിലാക്കിക്കൊണ്ട് ബിജെപി യുടെ നേതൃത്വത്തിൽ മാഡിസൺ സ്ക്വയറിൽ നൽകിയ സ്വീകരണം ആശ്വാസമായി. അമേരിക്കയും ഇന്ത്യയും സംയുക്ത വിഷൻ സ്റ്റേറ്റുമെന്റ് പുറത്തിറക്കിയും പതിനൊന്ന് പ്രമുഖ കമ്പനികളുടെ സി.ഇ.ഒ. മാരുമായി ചർച്ച നടത്തിയതും ഒഴിച്ചാൽ വലിയ പ്രയോജനം ഇന്ത്യാരാജ്യത്തിനു ലഭിച്ചില്ല. ഗൂഗിൾ, ഐബിഎം, പെപ്സികോ, ബോയിങ്, ബ്ലാക്ക്റോക്ക്, സിറ്റി ഗ്രൂപ്പ്, ഗോൾഡ് ഫാക്സ് തുടങ്ങിയ കമ്പനികളുടെ പ്രതിനിധികളായിരുന്നു ചർച്ചയിൽ പങ്കെടുത്തത്. മോദിയുടെ അമേരിക്കൻ സന്ദർശനം തരംഗം ഉണ്ടാക്കുവാൻ കഴിഞ്ഞു എന്നത് വസ്തുതയാണ്.

ഇന്ദിരാഗാന്ധിക്കുശേഷം ചരിത്രം മാറ്റി എഴുതിക്കൊണ്ട് മോദി തരംഗമാകുകയാണ്. ഇന്ദിരാഗാന്ധിക്കുശേഷം ചരിത്രത്തിൽ സ്ഥാനം പിടിച്ച തെരഞ്ഞെടുപ്പും വിജയവും, ഒറ്റയ്ക്കു ഭരിക്കുവാൻ ഇന്ത്യയിൽ ഒരു രാഷ്ട്രീയപാർട്ടിക്കും കഴിയില്ലാ എന്ന വിധി എഴുത്തിനെ മാറ്റി മറിച്ചുകൊണ്ട് ലോകത്തിന്റെ ശ്രദ്ധ ആകർഷിച്ച മോദി, സ്വന്തംശൈലിക്കൊണ്ടുതന്നെ തുടക്കം ആരംഭിച്ചു. ഇന്ദിരാഗാന്ധിക്കുശേഷം തെരഞ്ഞെടുത്ത പ്രധാനമന്ത്രിമാരിൽ ചുരുങ്ങിയ സമയംകൊണ്ട് ഏറ്റവും ശ്രദ്ധിക്കപ്പെട്ട, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളിൽ ഒന്നായ ഇന്ത്യയുടെ തിളക്കം മോദിയിലൂടെ യഥാർത്ഥ്യമായി. മോദിയെ അസൂയകൊണ്ട് നിസ്സാരനായി എഴുതിത്തളളിയ എതിരാളികൾ പോലും അദ്ദേഹത്തെ അംഗീകരിച്ചു കഴിഞ്ഞു.

തെരഞ്ഞെടുപ്പും സത്യപ്രതിജ്ഞയും മന്ത്രിമാരെ തെരഞ്ഞെടുത്തതും ഒഴിവാക്കേണ്ടവരെ ഒഴിവാക്കിയും രാഷ്ട്രീയ പുരുഷത്വം തെളിയിക്കുന്നതിൽ മോദി വിജയിച്ചു. കഴിഞ്ഞ 10 വർഷം മൻമോഹൻസിങ്ങ് ബുദ്ധിമാനായിരുന്നെങ്കിലും യാന്ത്രീക മനുഷ്യനായി മാറ്റപ്പെടുകയായിരുന്നു. കുടുംബവാഴ്ചയുടെ സ്വാധീനവും അതിവിധേയത്വവും ശക്തനായ മൻമോഹൻസിങ്ങിന്റെ ചിറകരിഞ്ഞുകളഞ്ഞു. അതിനുകൊടുക്കേണ്ടിവന്ന വില മോദി എന്ന സാധാരണ മനുഷ്യന്റെ ഉയിർത്തെഴുന്നേൽപ്പും ഭാവി ഉണ്ടായിരുന്ന ഗാന്ധികുടുംബത്തിലെ ഇളംതലമുറയുടെ പതനവുമായിരുന്നു. മോദിയുടെ അമേരിക്കൻ സന്ദർശനം ചരിത്രത്തിൽ ആദ്യമായി ഇന്ത്യൻ പ്രധാനമന്ത്രിമാർക്കിടയിൽ വിദേശ രാജ്യത്ത് സ്വന്തം ജനതയിൽ നിന്നു ലഭിച്ച ഏറ്റവും വലിയ സ്വീകരണമായിരുന്നു. ഇരുപതിനായിരത്തിലധികം വരുന്ന പ്രവാസി ഇന്ത്യാക്കാരെക്കൊണ്ട് തിങ്ങിനിറഞ്ഞ മാഡിസൺസ് സ്ക്വയറിൽ "മോദി, മോദി, ഇന്ത്യാ, ഇന്ത്യാ" എന്ന മുദ്രാവാക്യം അമേരിക്കയിൽ പ്രകമ്പനം ഉണ്ടാക്കി എന്നത് വസ്തുതയാണ്. അമേരിക്കയിൽ ലഭിക്കാവുന്ന സ്വീകരണം മുൻകൂട്ടി മനസ്സിലാക്കി മോദിയുടെ ദീർഘമായ കാഴ്ചപ്പാട് സ്വന്തം ജനതയെ ഇറക്കിക്കൊണ്ടുതന്നെ തരംഗമാക്കുകയും 2005 ൽ വീസ നിഷേധിച്ചതിനെതിരെ മധുരമായൊരു പകരം വീട്ടലുമായിരുന്നു. എഴുതിക്കൊടുത്ത

പ്രസംഗങ്ങൾ വായിച്ച് വാക്കുകൾ കക്കമെടുത്തു പ്രസംഗിച്ചവരുടെ ശൈലി മാറ്റി പാമ്പുകളുടെയും പാമ്പാട്ടികളുടെയും നാടെന്നാക്ഷേപിച്ചവർക്ക് ഇനി ഇത് ഇന്ത്യയുടെ കാലമെന്നു പറയുവാനും മോദി മടിച്ചില്ല.

അമേരിയിലെ വൻ വ്യവസായ ഗ്രൂപ്പുകൾ, ഇന്ത്യയിൽ പണം എറിയുവാൻ മോദിയുടെ വാക്കുകളെ മാത്രം വിശ്വസിച്ച് തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്. 2020 ആകുമ്പോഴേക്കും അമേരിക്കൻ യുവതലമുറ ഇന്ത്യയിലേക്കു ജോലി തേടിവരുന്നു എന്ന യാഥാർത്ഥ്യം അതിവിദൂരമല്ലാ എന്ന് സാമ്പത്തിക വിദഗ്ധരും കരുതുന്നു. ഗുജറാത്ത് സംസ്ഥാനത്തിൽ ഒരു മുഖ്യമന്ത്രിക്കും നേരിടാൻ പറ്റാത്ത വെല്ലുവിളികളെ സാഹസികമായി തരണം ചെയ്തുകൊണ്ട് ഡൽഹിയിലെ രാഷ്ട്രീയ എതിരാളികളെ നിഷ്പ്രഭരാക്കിക്കൊണ്ട് താമര വിരിയിക്കുവാൻ മോദിക്കു കഴിഞ്ഞത് ഹിന്ദുത്വരക്തതിളപ്പും ദാർശനികമായ നേതൃത്വഗുണവും ആയിരുന്നു. സാഹചര്യങ്ങളെ പഠിക്കുവാനും അതിനെ തരണം ചെയ്യുവാനുമുള്ള പോംവഴികൾ ആലോചിക്കുവാനും യുവതുർക്കികളെ ജനങ്ങളുടെ ഇടയിലേക്ക് ഇറക്കിക്കൊണ്ടുതന്നെ തെരഞ്ഞെടുപ്പ് എന്ന കാറ്റിന്റെ ഗതിയെ മാറ്റി എഴുതുവാൻ കഴിഞ്ഞതുപോലെ, സാമ്പത്തികമേഖലകളിൽ വിജയ പരാജയങ്ങൾ പഠനവിധേയമാക്കിക്കൊണ്ട് മുന്നേറുന്ന ഒരു കൂട്ടത്തെ മോദി ഒരുക്കി എടുത്തിട്ടുണ്ട്. ഭാരതം കഴിഞ്ഞ കാലങ്ങളെക്കാൾ പുതിയ മാറ്റങ്ങൾക്കു വിധേയപ്പെടുമെന്നതിൽ തർക്കമില്ല. ഇന്ത്യയുടെ പ്രധാനമന്ത്രി എന്ന സ്ഥാനത്തിരുന്നുകൊണ്ട് രാഷ്ട്രങ്ങൾക്കിടയിൽ 'മോദിഇസം'ഉണ്ടായാൽ ആശ്ചര്യപ്പെടേണ്ടതില്ല. അതേസമയം മോദിയിലൂടെ ഇന്ത്യ ഒരു തീവ്ര ഹിന്ദുരാജ്യം എന്ന പ്രഖ്യാപനം ഉണ്ടാക്കുവാൻ ഏറെ താമസിക്കേണ്ടിവരില്ലെന്ന മതന്യൂനപക്ഷങ്ങളുടെ ഭയപ്പാട് എഴുതിത്തള്ളാനാകില്ലെന്നും രാഷ്ട്രീയ നിരീക്ഷകർ കരുതുന്നുണ്ട്. ഹൈന്ദവ ആരാധനകൾക്ക് ഒഴിച്ചുകൂടാനാകാത്ത ഗംഗാനദിയുടെ പുനരുദ്ധാനത്തിനും ഒരു പ്രധാനമന്ത്രി സാമ്പത്തികസഹായം അഭ്യർത്ഥിക്കുന്നതും മോദി എന്ന അതികായകന് മങ്ങലേൽപ്പിച്ചിട്ടുണ്ടെന്നു കരുതുന്നവരും ചുരുക്കമല്ല. മതനിരപേക്ഷതയുടെ മൈത്രിക്കുവേണ്ടി ഇന്ത്യയെ ശക്തമാക്കുവാൻ മോദിക്കു കഴിഞ്ഞാൽ അത് വിജയമാണ്.

ലേഖകൻ പ്രമുഖ മനഃശ്ശാസ്ത്രജ്ഞനും രാഷ്ട്രീയ, സാമൂഹിക മേഖലകളിൽ നിരീക്ഷകനും, കേരളാ ട്രിബ്യൂൺ, പീപ്പിൾ ട്രിബ്യൂൺ തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരുമാണ്.

വാർത്ത : വർഗീസ് മാത്യു.